(സി) മൊത്തം എത്ര തുകയുടെ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും വെറുതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ പാർക്കുകളെല്ലാം കിൻഫ്രയുടെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. കിൻഫ്രയുടെ പൂർണ്ണ ഉടമസ്ഥതയിൽ പ്രവർത്തനക്ഷമമായ 9 പാർക്കുകളും കിൻഫ്ര മറ്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത സംരംഭമായി രൂപീകരിച്ചിട്ടുള്ള 3 പാർക്കുകളും ഇപ്പോൾ നിലവിലുണ്ട്.

(ബി) കിൻഫ്രയുടെ കൈവശമുള്ളതും പൂർണ്ണ ഉടമസ്ഥതയിലുള്ളതുമായ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ആകെ 412.35 ഏക്കർ ഭൂമിയുണ്ട്.

(സി) മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ 412.35 ഏക്കർ ഭൂമിയിൽ 286.95 ഏക്കർ ഭൂമി ഇനിയും അലോട്ട് ചെയ്യാനായി ബാക്കിയുണ്ട്. പ്രസ്തുത 286.95 ഏക്കർ ഭൂമി അലോട്ട് ചെയ്യുമ്പോൾ ഇതിനായി ഭൂമി ഏറ്റെടുക്കുന്ന വ്യവസായികളിൽ നിന്നും ഭൂമിയുടെ വില, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി ഈടാക്കേണ്ട മൊത്തം തുക നിലവിലുള്ള നിരക്ക് അനുസരിച്ച് ഏകദേശം 4569 ലക്ഷം രൂപ വരും

കിൻഫ്ര പുതുതായി തുടങ്ങുന്ന വ്യവസായ പാർക്കുകൾ

16 [3421] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കിൻഫ്ര എവിടെയെല്ലാം വ്യവസായ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കിൻഫ്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇവിടെ തുടങ്ങാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ പുഴയ്ക്കലിൽ ജില്ലാ വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിന് നീക്കിവച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുതുതായി കിൻഫ്ര താഴെപ്പറയുന്ന വ്യവസായ പാർക്കുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്:

(i) തൃശ്ശൂരിലെ കൊരട്ടിയിലും പത്തനംതിട്ടയിലെ കുന്നംതാനത്തും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ചെറുകിട വ്യവസായ പാർക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ii) തിരുവനന്തപുരത്തും കൊച്ചിയിലും കേന്ദ്ര ധനസഹായത്തോടുകൂടി ഓരോ ബയോടെക്നോളജി പാർക്കുകൾ.

(iii) പത്തനംതിട്ടയിലെ അടൂരിൽ കേന്ദ്ര ധനസഹായത്തോടുകൂടി ഒരു ഫുഡ് പ്രോസസിംഗ് പാർക്ക്.

(ബി) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സ് സ്ഥിതി ചെയ്യുന്ന പ്രദേശത്തുനിന്നും 30 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കേന്ദ്ര ചെറുകിട വ്യവസായ മന്ത്രാലയത്തിന്റെ ഒരു പദ്ധതിയായ ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടിയുള്ള ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സ്കീം പ്രകാരം ഒരു ചെറുകിട വ്യവസായ പാർക്ക് കേന്ദ്ര ധനസഹായത്തോടു കൂടി സ്ഥാപിക്കുന്നതിനുള്ള അനുമതി കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2003 ഏപ്രിൽ മാസം തുടങ്ങിക്കഴിഞ്ഞു. ഇവിടെ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, റോഡ്, ജലവിതരണം, കമ്മ്യൂണിക്കേഷൻ, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ ഒരുക്കിയതിനുശേഷം വ്യവസായികൾക്ക് സ്ഥലം പാട്ടത്തിന് നൽകാനാണ് ഉദ്ദേശ്യം.

(സി) തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കലിൽ, ഒരു വ്യവസായ വികസന ഏരിയ സ്ഥാപിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പ് 50 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനെ സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

17 [3422] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ടി. വി. എം. സാഹിർ:
„ വി. കെ. കെ. ബാവ:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം പൊതുവായി ഗവൺമെന്റ് നൽകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുവേണ്ടി കമ്പനികളിൽനിന്ന് ആവശ്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഉടൻ പ്രവർത്തനം ആരംഭിക്കാൻ പോകുന്ന സ്ഥാപനങ്ങൾ എത്ര;

(ഡി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly